# ഉദരഫലം അനുഗ്രഹീതം

**ശക്തനായവൻ എനിക്ക് വലിയ കാര്യങ്ങൾ ചെയ്തിരിക്കുന്നു.** ലൂക്കാ 1:49



# എയ്ഞ്ചൽസ് ആർമി

കുട്ടികൾക്കും മാതാപിതാക്കൾക്കും

അമ്മയുടെ ഉദരംമുതൽ ദൈവത്തെ അറിഞ്ഞും അനുഭവിച്ചും വളരുവാൻ കുഞ്ഞുങ്ങളെയും, അവരെ ഒരുക്കത്തോടെ സ്വീകരിച്ച് ദൈവിക ചൈതന്യത്തിലും കത്തോലിക്കാസഭയോട് ചേർത്തും വളർത്തുവാൻ മാതാപിതാക്കളെയും സഹായിക്കുന്ന ഒരു ശുശ്രൂഷയാണ് എയ്ഞ്ചൽസ് ആർമി.

**വിശുദ്ധിയുള്ള ഒരു പുത്തൻ തലമുറ-അതാണ് എയ്ഞ്ചൽസ് ആർമിയുടെ ലക്ഷ്യം**

# അമ്മമാരോട്...

**ഗർഭകാലം**

- **ഒരമ്മയുടെ ജീവിതത്തിലെ സുപ്രധാനവും അനുഗ്രഹിക്കപ്പെട്ടതുമായ കാലം.**

- **കുഞ്ഞിന്റെ ജീവിതത്തിലെ ഏറ്റം നിർണായകമായ കാലഘട്ടം.**

- **അമ്മയുടെ എല്ലാ വികാരങ്ങളും കുഞ്ഞിലേക്ക് പകരപ്പെടുന്ന സമയം.**

- **വളരെ ശ്രദ്ധാപൂർവ്വം, പ്രാർത്ഥിച്ചൊരുങ്ങേണ്ട സമയം.**

ദൈവിക പദ്ധതിയിൽ ഈശോയുടെ ഹൃദയത്തിൽ രൂപപ്പെട്ട ദൈവദാനമായ കുഞ്ഞിനെ, സമയത്തിന്റെ പൂർണ്ണതയിൽ ദൈവകരങ്ങളിൽനിന്നും ഉദരത്തിലും ഹൃദയത്തിലും സ്വീകരിക്കാൻ ഒരുങ്ങാം.


കുഞ്ഞ് ഉദരത്തിൽ ഉരുവായത് അറിയുന്ന നിമിഷംതന്നെ ആ കുഞ്ഞിനെ പരിശുദ്ധ അമ്മയുടെ വിമലഹൃദയത്തോട് ചേർത്തുവച്ച് മാതാവിനോടൊപ്പമിരുന്ന് ഗർഭകാലം കൃപാവര സമൃദ്ധമാക്കാം. ഈശോ തന്റെ ഉദരത്തിലായിരിക്കുമ്പോൾ പരിശുദ്ധ അമ്മ കടന്നുപോയ സാഹചര്യങ്ങളും അവയോടുള്ള അമ്മയുടെ മനോഭാവവും ധ്യാനിക്കുമ്പോൾ, എല്ലാ സാഹചര്യങ്ങളിലും ദൈവഹിതത്തിന് 'ആമ്മേൻ' പറയാൻ അമ്മ നമ്മെ പരിശീലിപ്പിക്കും.

ദമ്പതികളുടെ പരസ്പര സ്നേഹവും ഐക്യവും ഉദരത്തിലുള്ള കുഞ്ഞിൽ വലിയ സ്വാധീനം ചെലുത്തുന്നുണ്ട്. ഉദരത്തിൽ

കൈവച്ച്, കുഞ്ഞ്ദൈവസ്നേഹത്താൽ നിറയാൻ ദമ്പതികൾ പ്രാർത്ഥിക്കണം. മാതാപിതാക്കൾ ദൈവത്തിൽ പൂർണമായി ആശ്രയിക്കുമ്പോൾ, തന്റെ ജീവിതത്തിൽ ഈശോയെ ചേർത്തുപിടിക്കാനുള്ള പരിശീലനം കുഞ്ഞിനും ലഭിക്കും. സ്നേഹ സംഭാഷണങ്ങളിലൂടെയും സ്നേഹപ്രകടനങ്ങളിലൂടെയും ഉദരത്തിലുള്ള കുഞ്ഞുമായി സംവദിക്കുന്നതിലൂടെ ഒരമ്മയാകുന്നതിന്റെ അഭിമാനവും സന്തോഷവും ലഭിക്കുകയും ചെയ്യും.

സങ്കീർത്തനങ്ങളും തിരുവചനങ്ങളും ഉരുവിട്ടും പുണ്യങ്ങൾ അഭ്യസിച്ചും നവവൃന്ദം മാലാഖമാരോടുചേർന്ന് ദൈവത്തെ സ്തുതിച്ചും പ്രാർത്ഥിച്ചും ആത്മാവിൽ നിറയാം. 'എയ്ഞ്ചൽസ് ആർമി' ഇതിനായി നിങ്ങളെ സഹായിക്കുകയാണ്.

മാസം 1



# ഒരുക്കത്തിന്റെ കാലം. കുഞ്ഞിന്റെ തലച്ചോറും ഹൃദയവും രൂപപ്പെടാൻ തുടങ്ങുന്നു

## ധ്യാനം

“ആറാംമാസം ഗബ്രിയേൽ ദൂതൻ ....... അവളുടെ പേര് മറിയം എന്നായിരുന്നു. ദൂതൻ അവളുടെ അടുത്തുവന്നു പറഞ്ഞു. ദൈവകൃപനിറഞ്ഞവളേ! സ്വസ്തി, കർത്താവ് നിന്നോടുകൂടെ!”   ലൂക്ക 1:26-28

## തീരുമാനം

കൃപാപൂർണ്ണയായി ജീവിച്ച പരിശുദ്ധ അമ്മയെപ്പോലെ, പ്രാർത്ഥനയിൽ ദൈവത്തോടു ചേർന്നുനിൽക്കാനും ദൈവഹിതത്തിനു മുൻഗണന നൽകിക്കൊണ്ട് വിശ്വാസമെന്ന പുണ്യത്തിൽ ആഴപ്പെടാനും ഞങ്ങൾ ശ്രമിക്കും.

## വചനം

സങ്കീ 23-ാം അധ്യായം;

| | |
|---|---|
| 2 സാമു 22:50 | കർത്താവേ, ജനതകളുടെ മധ്യേ ഞാൻ അങ്ങേക്കു സ്തോത്രം ആലപിക്കും. |
| 2 കൊറി 9:15 | അവർണനീയമായ ദാനത്തിനു ദൈവത്തിനു സ്തുതി! |
| തോബിത് 13:1 | നിത്യനായ ദൈവം വാഴ്ത്തപ്പെട്ടവൻ; അവിടുത്തെ രാജ്യം അനുഗൃഹീതം. |
| വെളി 4:8 | ആയിരുന്നവനും ആയിരിക്കുന്നവനും വരാനിരിക്കുന്നവനും സർവശക്തനും ദൈവവുമായ കർത്താവ് പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ. |
| സങ്കീ 22:3 | ഇസ്രായേലിൻെറ സ്തുതിയുടെ സിംഹാസനത്തിൽ ഉപവിഷ്ടനായിരിക്കുന്നവനേ, അവിടുന്നു പരിശുദ്ധനാണ്. |



## പ്രാർത്ഥന

സ്തുതിപ്പിന്റെ കൃപ നല്കുന്ന 'സ്രാപ്പേൻ' വൃന്ദത്തോടു ചേർന്ന് പ്രാർത്ഥിക്കാം:

**"ദമ്പതികളായ ഞങ്ങളുടെ ഹൃദയങ്ങളെ ദൈവ സ്തുതികളാൽ നിറയ്ക്കണമേ."**

മാസം 2



# കുഞ്ഞിന്റെ ഹൃദയം മിടിക്കുവാൻ തുടങ്ങുന്നു. ഇപ്പോൾ കുഞ്ഞ് ഒരു മനുഷ്യരൂപം ആയിക്കൊണ്ടിരിക്കുന്നു

## ധ്യാനം

“ദൂതൻ മറുപടി പറഞ്ഞു: പരിശുദ്ധാത്മാവ് നിന്റെ മേൽ വരും; ....... ദൈവപുത്രൻ എന്നു വിളിക്കപ്പെടും. മറിയം പറഞ്ഞു: ഇതാ, കർത്താവിന്റെ ദാസി! നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ!.” ലൂക്ക 1:35-38

## തീരുമാനം

തനിക്ക് നേരിടേണ്ടിവരാവുന്ന തെറ്റിദ്ധാരണകളേയും അവയുടെ അനന്തര ഫലത്തേയും തെല്ലും ഭയക്കാതെ ദൈവഹിതത്തെ പൂർണമായി സ്വീകരിച്ച പരിശുദ്ധ അമ്മയെപ്പോലെ, എന്റെ ഉദരത്തിലുള്ള ശിശുവിനെ ദൈവദാനമായി സ്വീകരിച്ചുകൊണ്ട് ദൈവിക ശരണമെന്ന പുണ്യത്തിൽ അനുദിനം വളരാൻ ഞങ്ങൾ ശ്രമിക്കും.

## വചനം

സങ്കീ 91-ാം അധ്യായം;


| | |
|---|---|
| **സങ്കീ 127:3** | കർത്താവിന്റെ ദാനമാണ് മക്കൾ, ഉദരഫലം ഒരു സമ്മാനവും. |
| **സങ്കീ 139:13** | അവിടുന്നാണ് എന്റെ അന്തരംഗത്തിനു രൂപം നൽകിയത്; എന്റെ അമ്മയുടെ ഉദരത്തിൽ അവിടുന്ന് എന്നെ മെനഞ്ഞു. |
| **ഏശയ്യ 44:3** | നിന്റെ സന്തതികളുടെ മേൽ എന്റെ ആത്മാവും നിന്റെ മക്കളുടെമേൽ എന്റെ അനുഗ്രഹവും ഞാൻ വർഷിക്കും. |
| **സങ്കീ 51:10** | ദൈവമേ, നിർമലമായ ഹൃദയം എന്നിൽ സൃഷ്ടിക്കണമേ! അചഞ്ചലമായ ഒരു നവചൈതന്യം എന്നിൽ നിക്ഷേപിക്കണമേ! |
| **ലൂക്കാ 1:49** | ശക്തനായവൻ എനിക്കു വലിയകാര്യങ്ങൾ ചെയ്തിരിക്കുന്നു, അവിടുത്തെ നാമം പരിശുദ്ധമാണ് |



## പ്രാർത്ഥന

പരിശുദ്ധിയിലേക്ക് നയിക്കുന്ന 'ക്രോവേൻ' വൃന്ദത്തിന്റെ സ്തുതി കളോടുചേർന്ന് പ്രാർത്ഥിക്കാം:

**"ഈശോയേ, എന്റെ ഉദരത്തിലെ ഈ കുഞ്ഞുഹൃദയത്തെ അങ്ങേ തിരുഹൃദയത്തിനൊത്തതാക്കി മാറ്റണമേ."**



മാസം 3

## നാഡികളുടെയും പേശികളുടെയും പ്രവർത്തനം ഏകോപിപ്പിക്കപ്പെടുന്നു. ബാഹ്യമായ ലൈംഗിക അവയവങ്ങൾ രൂപപ്പെടുന്നു.

### ധ്യാനം

''അവളുടെ ഭർത്താവായ ജോസഫ് നീതിമാനാകയാലും ........ അവനോട് പറഞ്ഞു. ദാവീദിന്റെ പുത്രനായ ജോസഫ്, മറിയത്തെ ഭാര്യയായി സ്വീകരിക്കാൻ ശങ്കിക്കേണ്ട. അവൾ ഗർഭം ധരിച്ചിരിക്കുന്നത് പരിശുദ്ധാത്മാവിൽ നിന്നാണ്.''
മത്താ 1:19-20

### തീരുമാനം

ഉത്തരം കിട്ടാത്ത ജീവിത സാഹചര്യങ്ങളിൽ, ആകുലപ്പെടാതെ എല്ലാം ഹൃദയത്തിൽ സംഗ്രഹിച്ച് സ്വർഗ്ഗീയ വെളിപ്പെടുത്തലിനായി കാത്തിരുന്ന പരിശുദ്ധ അമ്മയെപ്പോലെ, എന്നെ ആകുലപ്പെടുത്തുന്ന എല്ലാ കാര്യങ്ങളിലും പ്രാർത്ഥനയോടെ കാത്തിരുന്നുകൊണ്ട് ക്ഷമയെന്ന പുണ്യം അഭ്യസിക്കാൻ ഞാൻ ശ്രമിക്കും.

### വചനം

സങ്കീ 46-ാം അധ്യായം;

| | |
|---|---|
| **എസെ 37:14** | എന്റെ ആത്മാവിനെ ഞാൻ നിങ്ങളിൽ നിവേശിപ്പിക്കും. നിങ്ങൾ ജീവിക്കും. |
| **സങ്കീ 46:1** | ദൈവമാണു നമ്മുടെ അഭയവും ശക്തിയും; കഷ്ടതകളിൽ അവിടുന്നു സുനിശ്ചിതമായ തുണയാണ്. |
| **ജറെ 17:7** | കർത്താവിൽ ആശ്രയിക്കുന്നവൻ അനുഗൃഹീതൻ; അവന്റെ പ്രത്യാശ അവിടുന്നുതന്നെ. |
| **ബാറൂക്ക് 5:1** | ജറുസലെം, നീ ദുഃഖത്തിന്റെയും പീഡനത്തിന്റെയും വസ്ത്രം മാറ്റി ദൈവത്തിൽനിന്നുള്ള മഹത്വത്തിന്റെ സൗന്ദര്യം എന്നേക്കുമായി അണിയുക. |
| **1 കൊറി 13:7** | സ്നേഹം സകലതും സഹിക്കുന്നു; സകലതും വിശ്വസിക്കുന്നു; സകലതും പ്രത്യാശിക്കുന്നു; സകലത്തെയും അതിജീവിക്കുന്നു. |



## പ്രാർത്ഥന

ദൈവിക ശ്രവണം സാധ്യമാക്കുന്ന 'ഭദ്രാസനന്മാ'രുടെ വൃന്ദത്തോടു ചേർന്ന് പ്രാർത്ഥിക്കാം:

**"ദൈവഹിതം ശ്രവിച്ച് അനുസരിക്കാൻ ഞങ്ങളെ സഹായിക്കണമേ."**

മാസം 4



# അസ്ഥികളും ത്വക്കും രൂപപ്പെടുന്നു

## ധ്യാനം

''ഇതാ നിന്റെ ചാർച്ചക്കാരി വൃദ്ധയായ എലിസബത്തും ഒരു പുത്രനെ ഗർഭം ധരിച്ചിരിക്കുന്നു. വന്ധ്യയെന്നു പറഞ്ഞിരുന്ന അവൾക്ക് ഇത് ആറാം മാസമാണ്; ആ ദിവസങ്ങളിൽ മറിയം യൂദയായിലെ മലമ്പ്രദേശത്തുള്ള ഒരു പട്ടണത്തിലേക്കു തിടുക്കത്തിൽ യാത്ര പുറപ്പെട്ടു.'' ലൂക്കാ 1 : 36, 39

## തീരുമാനം

ശുശ്രൂഷിക്കാനായി തിടുക്കത്തിൽ പുറപ്പെട്ട പരിശുദ്ധ അമ്മയെപ്പോലെ, എന്റെ കുടുംബത്തിൽ ശുശ്രൂഷയുടെ സ്നേഹസാന്നിധ്യമായിക്കൊണ്ട് എളിമയെന്ന പുണ്യം സ്വന്തമാക്കുവാനും അത് കുഞ്ഞിലേക്ക് പകരാനും ഞാൻ ശ്രമിക്കും.

## വചനം

സങ്കീ 127-ാം അധ്യായം;

| | |
|---|---|
| പ്രഭാ 18:16 | നല്ല വാക്ക് ദാനത്തെക്കാൾ വിശിഷ്ടമാണ്. |
| ജ്ഞാനം 6:10 | വിശുദ്ധമായവ വിശുദ്ധിയോടെ ചെയ്യുന്നവർ വിശുദ്ധരാകും; അവ അഭ്യസിക്കുന്നവർ രക്ഷ കണ്ടെത്തും. |
| സങ്കീ 100:2 | സന്തോഷത്തോടെ കർത്താവിനു ശുശ്രൂഷ ചെയ്യുവിൻ; ഗാനാലാപത്തോടെ അവിടുത്തെ സന്നിധിയിൽ വരുവിൻ. |
| റോമ 12:11 | തീക്ഷ്ണതയിൽ മാന്ദ്യം കൂടാതെ ആത്മാവിൽ ജ്വലിക്കുന്നവരായി കർത്താവിനെ ശുശ്രൂഷിക്കുവിൻ. |
| സങ്കീ 136:1 | കർത്താവിനു നന്ദി പറയുവിൻ; അവിടുന്നു നല്ലവനാണ്; അവിടുത്തെ കാരുണ്യം അനന്തമാണ്. |



## പ്രാർത്ഥന

ദൈവിക അധികാരം പ്രതിഫലിപ്പിക്കുന്നവരായ 'അധികാരിക'ളുടെ വൃന്ദത്തോടൊപ്പം പ്രാർത്ഥിക്കാം:

**"എളിമയെന്ന പുണ്യത്തിൽ വളരുവാൻ ഞങ്ങളെ സഹായിക്കണമേ."**



മാസം 5

# കുഞ്ഞ് കേൾക്കാൻ തുടങ്ങുന്നു. വിഴുങ്ങാനുള്ള കഴിവ് ലഭിക്കുന്നു

## ധ്യാനം

''അവൾ സഖറിയായുടെ വീട്ടിൽ പ്രവേശിച്ച് എലിസബത്തിനെ അഭിവാദനം ചെയ്തു. മറിയത്തിന്റെ അഭിവാദനം കേട്ടപ്പോൾ എലിസബത്തിന്റെ ഉദരത്തിൽ ശിശു കുതിച്ചുചാടി. എലിസബത്ത് പരിശുദ്ധാത്മാവു നിറഞ്ഞവളായി.''

ലൂക്കാ 1:40-41

## തീരുമാനം

തന്റെ അഭിവാദനത്തിലൂടെ എലിസബത്തിനും ഉദരത്തിലെ കുഞ്ഞിനും പരിശുദ്ധാത്മാവിനെ പകർന്നുകൊടുത്ത പരിശുദ്ധ അമ്മയെപ്പോലെ, വാക്കാലും പ്രവൃത്തിയാലും സാന്നിധ്യത്താലും മറ്റുള്ളവർക്ക് പരിശുദ്ധാത്മാവിനെ പകർന്നുനൽകിക്കൊണ്ട് ദൈവസ്നേഹമെന്ന പുണ്യത്തിൽ ജീവിക്കുവാൻ ഞാൻ ശ്രമിക്കും.

## വചനം

സങ്കീ 121-ാം അധ്യായം;

| | |
|---|---|
| **ജ്ഞാനം 9:10** | വിശുദ്ധ സ്വർഗത്തിൽനിന്ന്, അങ്ങയുടെ മഹത്വത്തിന്റെ സിംഹാസനത്തിൽനിന്ന്, ജ്ഞാനത്തെ അയച്ചുതരണമേ. |
| **സങ്കീ 51:6** | ഹൃദയപരമാർഥതയാണ് അങ്ങ് ആഗ്രഹിക്കുന്നത്; ആകയാൽ, എന്റെ അന്തരംഗത്തിൽ ജ്ഞാനം പകരണമേ! |
| **സുഭാ 2:6** | എന്തെന്നാൽ, കർത്താവ് ജ്ഞാനം നൽകുന്നു; അവിടുത്തെ വദനത്തിൽനിന്ന് അറിവും വിവേകവും പുറപ്പെടുന്നു. |
| **സങ്കീ 111:10** | ദൈവഭക്തിയാണു ജ്ഞാനത്തിന്റെ ആരംഭം; അതു പരിശീലിക്കുന്നവർ വിവേകികളാകും. |
| **ഗലാത്തി: 5: 22** | എന്നാൽ ആത്മാവിന്റെ ഫലങ്ങൾ, സ്നേഹം ആനന്ദം, സമാധാനം, ക്ഷമ, ദയ, നന്മ, വിശ്വസ്തത, സൗമ്യത, ആത്മസംയമനം ഇവയാണ്. |



## പ്രാർത്ഥന

ദൈവികതത്വങ്ങൾ വെളിപ്പെടുത്തുന്നവരായ 'താത്വികന്മാ'രോടു ചേർന്ന് പ്രാർത്ഥിക്കാം:

**"ദൈവികജ്ഞാനത്താൽ എന്നെയും ഉദരത്തിലുള്ള കുഞ്ഞിനെയും നിറയ്ക്കണമേ."**

മാസം 6



## കുഞ്ഞിന്റെ മജ്ജയിൽ നിന്നും രക്തം ഉണ്ടാകാൻ തുടങ്ങുന്നു. കുഞ്ഞ് കൃത്യമായി ഉറങ്ങുകയും ഉണരുകയും ചെയ്യുന്നു

### ധ്യാനം

''മറിയം അവളുടെ കൂടെ മൂന്നുമാസത്തോളം താമസിച്ചു. പിന്നെ വീട്ടിലേക്കു മടങ്ങി.'' ലൂക്കാ 1:56

### തീരുമാനം

സ്വന്തം നാട്ടിൽ ഒറ്റപ്പെടുത്തലുകളും കുറ്റപ്പെടുത്തലുകളും പരിഹാസങ്ങളും മൗനമായി സഹിച്ച് പ്രാർത്ഥനയാക്കി മാറ്റിയ പരിശുദ്ധ അമ്മയെപ്പോലെ, എല്ലാ നിന്ദാപമാനങ്ങളേയും പ്രാർത്ഥനയാക്കിക്കൊണ്ട് സഹനശക്തിയെന്ന പുണ്യത്തിൽ മുന്നേറുവാനും ലോകം മുഴുവനുമുള്ള ഗർഭിണികൾക്കും ഗർഭസ്ഥ ശിശുക്കൾക്കും വേണ്ടി പ്രാർത്ഥിക്കാനും ഞാൻ ശ്രമിക്കും.

### വചനം

സങ്കീ 131-ാം അധ്യായം;

**സങ്കീ 46:10** ശാന്തമാകുക, ഞാൻ

ദൈവമാണെന്നറിയുക; ഞാൻ ജനതകളുടെ ഇടയിൽ ഉന്നതനാണ്; ഞാൻ ഭൂമിയിൽ ഉന്നതനാണ്.

**ഏശയ്യ 41:13**

നിന്റെ ദൈവവും കർത്താവുമായ ഞാൻ നിന്റെ വലത്തുകൈ പിടിച്ചിരിക്കുന്നു. ഞാനാണു പറയുന്നത്, ഭയപ്പെടേണ്ടാ. ഞാൻ നിന്നെ സഹായിക്കും.

**യോഹ 14:18**

ഞാൻ നിങ്ങളെ അനാഥരായി വിടുകയില്ല. ഞാൻ നിങ്ങളുടെ അടുത്തേക്കു വരും.

**ജോഷ്വ 1:9**

നിന്റെ ദൈവമായ കർത്താവ് നീ പോകുന്നിടത്തെല്ലാം നിന്നോടുകൂടെ ഉണ്ടായിരിക്കും.

**1 തിമോ 2:15**

സ്ത്രീ വിനയത്തോടെ വിശ്വാസത്തിലും സ്നേഹത്തിലും വിശുദ്ധിയിലും ഉറച്ചു നില്ക്കുന്നെങ്കിൽ മാതൃത്വത്തിലൂടെ അവൾ രക്ഷിക്കപ്പെടും.



## പ്രാർത്ഥന

ദൈവിക കല്പനകൾ നിറവേറ്റാൻ ബലം നല്കുന്ന ‘ബലവാന്മാ’രുടെ വൃന്ദത്തോടൊപ്പം പ്രാർത്ഥിക്കാം:

**“പ്രതികൂലസാഹചര്യങ്ങളിൽ ശാന്തതയോടെ ആയിരിക്കുവാനുള്ള ആത്മബലം ഞങ്ങൾക്കു നല്കണമേ.”**

മാസം 7



# കുഞ്ഞിന്റെ അവയവങ്ങളെല്ലാം പൂർണ്ണ രൂപം പ്രാപിച്ചുകൊണ്ടിരിക്കുന്നു

## ധ്യാനം

“അക്കാലത്ത് ലോകമാസകലമുള്ള ജനങ്ങളുടെ പേര് എഴുതിചേർക്കപ്പെടണം ........ ഗലീലിയിലെ പട്ടണമായ നസ്രത്തിൽ നിന്ന് യൂദയായിൽ ദാവീദിന്റെ പട്ടണമായ ബേത്‌ലഹെമിലേക്ക് ഗർഭിണിയായ ഭാര്യ മറിയത്തോടുകൂടെ പോയി.” ലൂക്കാ 2:1, 4-5

## തീരുമാനം

വല്ലാത്ത മാനസിക സംഘർഷത്തിലൂടെ കടന്നുപോകുമ്പോഴും തളരാതെ ഐക്യത്തിൽ മുന്നേറിയ മറിയത്തേയും ജോസഫിനെയുംപോലെ, പ്രതികൂല സാഹചര്യങ്ങളിൽ ഒന്നുചേർന്ന് ദൈവത്തിലാശ്രയിച്ചുകൊണ്ട് ‘അരൂപിയിൽ നിലനിൽപ് ’ എന്ന പുണ്യത്തിൽ ശക്തിപ്പെടാൻ ഞങ്ങൾ ശ്രമിക്കും..

## വചനം

സങ്കീ 139-ാം അധ്യായം;

| | |
|---|---|
| റോമ 8:18 | നമുക്കു വെളിപ്പെടാനിരിക്കുന്ന മഹത്വത്തോടു തുലനം ചെയ്യുമ്പോൾ ഇന്നത്തെ കഷ്ടതകൾ നിസ്സാരമാണെന്നു ഞാൻ കരുതുന്നു. |
| ഏശയ്യ 49:16 | ഇതാ, നിന്നെ ഞാൻ എന്റെ ഉള്ളം കൈയിൽ രേഖപ്പെടുത്തിയിരിക്കുന്നു. |
| ഏശയ്യ 51:12 | ഞാൻ തന്നെ നിന്നെ ആശ്വസിപ്പിക്കുന്നവൻ. |
| സങ്കീ 3:5 | ഞാൻ ശാന്തമായി കിടന്നുറങ്ങുന്നു, ഉണർന്നെഴുന്നേൽക്കുന്നു; എന്തെന്നാൽ, ഞാൻ കർത്താവിന്റെ കരങ്ങളിലാണ്. |
| സങ്കീ 139:14 | ഞാൻ അങ്ങയെ സ്തുതിക്കുന്നു; എന്തെന്നാൽ, അങ്ങ് എന്നെ വിസ്മയനീയമായി സൃഷ്ടിച്ചു; |



## പ്രാർത്ഥന

ദൈവരാജ്യം സംരക്ഷിക്കുന്ന 'പ്രാഥമികന്മാ'രുടെ വൃന്ദത്തോടൊപ്പം പ്രാർത്ഥിക്കാം:

**"ഞങ്ങളുടെ അലച്ചിലുകൾ ഉദരത്തിലുള്ള കുഞ്ഞിനെ ബാധിക്കാതെ ദൈവികസംരക്ഷണം നല്കണമേ."**



മാസം 8

## കുഞ്ഞിന് കണ്ണുകൾ തുറക്കാനും അടയ്ക്കാനും സാധിക്കുന്നു. പ്രകാശത്തോട് പ്രതികരിക്കാൻ തുടങ്ങുന്നു

### ധ്യാനം

"അവനെ പിള്ളക്കച്ചകൊണ്ടു പൊതിഞ്ഞ് പുല്ത്തൊട്ടിയിൽ കിടത്തി. കാരണം, സത്രത്തിൽ അവർക്കു സ്ഥലം ലഭിച്ചില്ല."
ലൂക്കാ 2:7

### തീരുമാനം

അനിശ്ചിതത്വങ്ങൾക്കു നടുവിൽ ദൈവത്തെ മുറുകെപ്പിടിച്ച മറിയത്തേയും ജോസഫിനെയുംപോലെ, അർഹമായ പരിഗണനയോ മറ്റ് സൗകര്യങ്ങളോ ലഭിക്കാത്ത അവസരങ്ങളിൽപോലും ദൈവത്തെ മുറുകെ പിടിച്ചുകൊണ്ട് ആത്മസംയമനം എന്ന പുണ്യം സമ്പാദിക്കുവാൻ ഞങ്ങൾ ശ്രമിക്കും.

### വചനം

സങ്കീ 15-ാം അധ്യായം

**സങ്കീ 17:8** കണ്ണിന്റെ കൃഷ്ണമണിപോലെ എന്നെ

കാത്തുകൊള്ളണമേ! അങ്ങയുടെ ചിറകിന്റെ നിഴലിൽ എന്നെ മറച്ചുകൊള്ളണമേ!

**റോമ 8:28** ദൈവത്തെ സ്നേഹിക്കുന്നവർക്ക്, അവിടുത്തെ പദ്ധതിയനുസരിച്ചു വിളിക്കപ്പെട്ടവർക്ക്, അവിടുന്നു സകലവും നന്മയ്ക്കായി പരിണമിപ്പിക്കുന്നുവെന്നു നമുക്കറിയാമല്ലോ.

**1 പത്രോ 5:6** നിങ്ങളുടെ ഉത്കണ്ഠകളെല്ലാം അവിടുത്തെ ഏൽപിക്കുവിൻ. അവിടുന്നു നിങ്ങളുടെ കാര്യത്തിൽ ശ്രദ്ധാലുവാണ്.

**യാക്കോ 4:8** ദൈവത്തോടു ചേർന്നുനിൽക്കുവിൻ; അവിടുന്ന് നിങ്ങളോടും ചേർന്നുനിൽക്കും.

**സങ്കീ 46:1** ദൈവമാണു നമ്മുടെ അഭയവും ശക്തിയും; കഷ്ടതകളിൽ അവിടുന്നു സുനിശ്ചിതമായ തുണയാണ്.



## പ്രാർത്ഥന

ദുഷ്ടാരൂപികൾക്ക് എതിരെ പ്രവർത്തിക്കുന്നവരായ 'മുഖ്യദൂതന്മാ'രോടൊപ്പം പ്രാർത്ഥിക്കാം:

**"ഈ കുഞ്ഞിനെ ദൈവിക പ്രകാശത്തിലേക്ക് നിരന്തരം നയിക്കണമേ."**

മാസം 9



# അവയവങ്ങളെല്ലാം സ്വതന്ത്രമായി പ്രവർത്തിക്കാൻ സജ്ജമാകുന്നു

## ധ്യാനം

''അവിടെയായിരിക്കുമ്പോൾ അവൾക്കു പ്രസവസമയമടുത്തു. അവൾ തന്റെ കടിഞ്ഞൂൽപുത്രനെ പ്രസവിച്ചു.''
ലൂക്കാ 2: 6

## തീരുമാനം

ഇല്ലായ്മയുടെ നടുവിലും പരാതികളില്ലാതെ, ദൈവത്തെ സ്തുതിച്ചുകൊണ്ട് അത്യന്തം സന്തോഷത്തോടെ ഉണ്ണീശോയെ സ്വീകരിച്ച മറിയത്തേയും ജോസഫിനെയുംപോലെ, ഉത്കണ്ഠകളെയും സാമ്പത്തിക ബുദ്ധിമുട്ടുകളേയും സഹായത്തിന് ആരുമില്ലാത്ത അവസ്ഥയേയും ഓർത്ത് ദൈവത്തെ സ്തുതിച്ചുകൊണ്ട് ആനന്ദമെന്ന പുണ്യത്തിൽ നിറയാനും സന്തോഷപൂർവ്വം കുഞ്ഞിനെ സ്വീകരിക്കാനും ഞങ്ങൾ ശ്രമിക്കും.

## വചനം

സങ്കീ 19-ാം അധ്യായം

**സങ്കീ 22:9**

അവിടുന്നാണ് മാതാവിൻെറ ഉദരത്തിൽനിന്ന് എന്നെ പുറത്തു കൊണ്ടുവന്നത്; മാതാവിൻെറ മാറിടത്തിൽ എനിക്കു സുരക്ഷിതത്വം നൽകിയതും അവിടുന്നു തന്നെ.

**സങ്കീ 22:10**

അങ്ങയുടെ കൈകളിലേക്കാണു ഞാൻ പിറന്നുവീണത്; മാതാവിൻെറ ഉദരത്തിൽ ആയിരിക്കുമ്പോൾ മുതൽ അവിടുന്നാണ് എൻെറ ദൈവം.

**ജെറെ 29:11**

കർത്താവ് അരുളിച്ചെയ്യുന്നു: നിങ്ങളെക്കുറിച്ചുള്ള പദ്ധതി എൻെറ മനസ്സിലുണ്ട്. നിങ്ങളുടെ നാശത്തിനല്ല, ക്ഷേമത്തിനുള്ള പദ്ധതിയാണത് - നിങ്ങൾക്കു ശുഭമായ ഭാവിയും പ്രത്യാശയും നൽകുന്ന പദ്ധതി.

**1 തെസ 5:16-18**

എപ്പോഴും സന്തോഷത്തോടെയിരിക്കുവിൻ. ഇടവിടാതെ പ്രാർഥിക്കുവിൻ. എല്ലാ കാര്യങ്ങളിലും നന്ദി പ്രകാശിപ്പിക്കുവിൻ. ഇതാണ് യേശുക്രിസ്തുവിൽ നിങ്ങളെ സംബന്ധിച്ചുള്ള ദൈവഹിതം.

**ഏശയ്യ 25:4**

അങ്ങ് പാവപ്പെട്ടവർക്കു കോട്ടയും ദരിദ്രൻെറ കഷ്ടതകളിൽ അവന് ഉറപ്പുള്ള അഭയവും ആണ്.



### പ്രാർത്ഥന

ദൈവമക്കളെ സംരക്ഷിക്കുന്നവരായ 'ദൈവദൂതന്മാ'രുടെ വൃന്ദത്തോടൊപ്പം പ്രാർത്ഥിക്കാം:

**"ഈ കുഞ്ഞിന്റെ എല്ലാ അവയവങ്ങളെയും വിശുദ്ധീകരിക്കണമേ."**

### ലേബർ റൂമിൽ ഉള്ളവർക്കുവേണ്ടിയുള്ള പ്രാർത്ഥന

മാലാഖമാരുടെ രാജ്ഞിയായ പരിശുദ്ധ അമ്മയോടു ചേർന്ന് ഇപ്പോൾ ലേബർറൂമിലുള്ള എല്ലാ അമ്മമാർക്കും അവരെ ശുശ്രൂഷിക്കുന്നവർക്കും വേണ്ടി നമുക്ക് പ്രാർത്ഥിക്കാം. ''സമാധാനത്തിന്റെയും അനുഗ്രഹത്തിന്റെയും മാലാഖയെ അയയ്ക്കണമെന്ന് വിനയപൂർവം ഞങ്ങൾ പ്രാർത്ഥിക്കുന്നു''.

### കുഞ്ഞിനെ സ്വീകരിച്ചുകൊണ്ട് മാതാപിതാക്കൾ ചൊല്ലുന്ന പ്രാർത്ഥന

പിതാവായ ദൈവമേ, അങ്ങ് ദാനമായി നല്കിയ ഈ കുഞ്ഞുവാവയെ അങ്ങയുടെ കരങ്ങളിൽനിന്ന് ഞങ്ങൾ സ്വീകരിക്കുന്നു.

ഈശോയേ, അങ്ങ് ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നതുപോലെ ഈ കുഞ്ഞുവാവയെയും വളർത്തണമേ.

പരിശുദ്ധാത്മാവായ ദൈവമേ, ഈ കുഞ്ഞിന്റെ വിളിക്കനുസരിച്ച് വളർത്തുവാനുള്ള ജ്ഞാനം ഞങ്ങൾക്കു നല്കണമേ.

പരിശുദ്ധ അമ്മയുടെ വിമലഹൃദയത്തിലേക്ക് ഞങ്ങൾ ഈ കുഞ്ഞുവാവയെ ചേർത്തുവയ്ക്കുന്നു. ആമ്മേൻ.

**ശിശുവളർന്നു, ജ്ഞാനം നിറഞ്ഞു ശക്തനായി. ദൈവത്തിന്റെ കൃപ അവന്റെമേൽ ഉണ്ടായിരുന്നു. (ലൂക്കാ 2:40)**

## എയ്ഞ്ചൽസ് ആർമിയോടൊപ്പം എല്ലാ ഗർഭിണികൾക്കുംവേണ്ടി പ്രാർത്ഥിക്കാം

പരിശുദ്ധ അമ്മയിൽ നിറഞ്ഞ പരിശുദ്ധാത്മാവേ, എല്ലാ ഗർഭിണികളിലും വന്നു നിറയണമേ. അതിലൂടെ ഉദരത്തിലുള്ള കുഞ്ഞിന് ദൈവസ്നേഹാനുഭവം ലഭിക്കുവാൻ ഇടയാകട്ടെ. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, ആമ്മേൻ.

എല്ലാ ഗർഭിണികൾക്കും ഗർഭസ്ഥശിശുക്കൾക്കും വേണ്ടി (1 സ്വർഗ. 1 നന്മ. 1 ത്രിത്വ)

ദൈവത്തെ സ്നേഹിക്കുന്നവർക്ക്, അവിടുത്തെ പദ്ധതിയനുസരിച്ച് വിളിക്കപ്പെട്ടവർക്ക്, അവിടുന്ന് സകലവും നന്മയ്ക്കായി പരിണമിപ്പിക്കുന്നുവെന്ന് നമുക്കറിയാമല്ലോ. (റോമ 8:28)

## WombCat (Pregnancy Wing)

ഗർഭിണികളായ അമ്മമാരെയും അവരുടെ ഉദരത്തിലുള്ള ശിശുവിനെയും ആത്മീയമായി ഒരുങ്ങാൻ സഹായിക്കുന്നു. WombCat Whatsapp ഗ്രൂപ്പിലൂടെ ഗർഭിണികളെ 9 മാസവും പ്രാർത്ഥിച്ചൊരുക്കുന്നു. കുഞ്ഞ് ജനിക്കുംവരെ നിരവധി വൈദികർ തങ്ങളുടെ അനുദിന ബലിയിൽ ഗർഭിണിയേയും കുടുംബത്തെയും സമർപ്പിക്കുന്നു. പ്രസവസമയത്ത് ഞങ്ങളെ അറിയിക്കുമ്പോൾ ഞങ്ങൾ നിങ്ങൾക്കുവേണ്ടി പ്രത്യേകമായി പ്രാർത്ഥിക്കുന്നു.

WombCat Whatsapp ഗ്രൂപ്പിൽ ചേരാൻ ആഗ്രഹിക്കുന്ന ഗർഭിണികൾ Whatsapp ചെയ്യേണ്ട നമ്പർ- +91 96636 70005

പ്രാർത്ഥനാവശ്യങ്ങൾക്കായി വിളിക്കേണ്ട നമ്പർ- 8891585850, 0484 2559313 (10am-5pm)

# എയ്ഞ്ചൽസ് ആർമിയുടെ വിവിധ ശുശ്രൂഷകൾ

## എയ്ഞ്ചൽസ് ആർമി മാസിക



എയ്ഞ്ചൽസ് ആർമി മാസിക എല്ലാ മാസവും മലയാളം, ഇംഗ്ലീഷ് ഭാഷകളിൽ പ്രസിദ്ധീകരിക്കുന്നു. ഇതിൽ കുഞ്ഞുങ്ങൾക്കും മാതാപിതാക്കൾക്കും പ്രത്യേക പംക്തികൾ ഉൾപ്പെടുത്തിയിരിക്കുന്നു. കുട്ടികൾക്കുവേണ്ടി ഓരോ മാസവും ചിത്രകഥകൾ, വിശുദ്ധരെ പരിചയപ്പെടുത്തുന്ന പംക്തികൾ, ഓരോ ആഴ്ചയും ഹൃദിസ്ഥമാക്കാനുള്ള വചനം, സുകൃതജപം, കുട്ടികൾക്ക് പരിശീലിക്കാവുന്ന നല്ല ശീലങ്ങൾ തുടങ്ങിയ ഉൾപ്പെടുത്തിയിരിക്കുന്നു. കുട്ടികളെ വിശ്വാസത്തിലും വിശുദ്ധിയിലും വളർത്തുവാൻ മാതാപിതാക്കളെ സഹായിക്കുന്നിനായി സഭാപ്രബോധനങ്ങൾ അടങ്ങിയ ലേഖനങ്ങൾ, അനുഭവസാക്ഷ്യങ്ങൾ, പേരന്റിംഗ് പംക്തികൾ മുതലായവ ഉൾപ്പെടുത്തിയിരിക്കുന്നു.

**മാഗസിൻ കോപ്പികൾക്ക്:** + 91 90374 44702, 0484 2559313

---

## ധ്യാനങ്ങൾ

മാതാപിതാക്കൾക്കും കുട്ടികൾക്കും അധ്യാപകർക്കും

---

## മധ്യസ്ഥപ്രാർത്ഥന ശൃംഖല

സ്വർഗീയപിതാവിന്റെ ഇഷ്ടം നിറവേറ്റുന്നതിനായുള്ള പ്രവർത്തനത്തിൽ എയ്ഞ്ചൽസ് ആർമിയെ ഏറ്റവും അധികം താങ്ങുന്നത് ഇടവിടാതെയുള്ള മധ്യസ്ഥപ്രാർത്ഥനയാണ്.

---

## ദൃശ്യശ്രാവ്യ മാധ്യമരംഗത്തെ പ്രവർത്തനങ്ങൾ









"എയ്ഞ്ചൽസ് ആർമി തയ്യാറാക്കിയ 'ഉദരഫലം അനുഗൃഹീതം' എന്ന ബുക്ക്‌ലെറ്റ് ഗർഭിണികളായ അമ്മമാർക്ക് പ്രാർത്ഥിച്ചൊരുങ്ങാൻ ഏറെ സഹായകരമാണ്. കൃപ നിറഞ്ഞ, അനുഗൃഹീതമായ ഒരു പുത്തൻ തലമുറ ഇതിലൂടെ രൂപപ്പെടട്ടെ. ഇതിലൂടെ പ്രാർത്ഥിച്ചൊരുങ്ങുന്ന എല്ലാ ഗർഭിണികളായ അമ്മമാരെയും ഉദരസ്ഥശിശുക്കളെയും ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.
അനുഗ്രഹാശംസകളോടെ,"



**ബിഷപ്പ് സാമുവൽ മാർ ഐറേനിയോസ്**
ചെയർമാൻ,
കരിസ്മാറ്റിക് കമ്മീഷൻ, KCBC

**എയ്ഞ്ചൽസ് ആർമി**
കുട്ടികൾക്കും മാതാപിതാക്കൾക്കും

**www.angelsarmy.in**

Angels' Army, KMC 34/485, V.P. Marakkar Road, Edappally Toll Junction,
Edappally P.O., Ernakulam-682024,

Ph: 0484 2559313 (10am-5pm)
WhatsApp No: 9037 444 702 (10am-5pm)